**By Speed Post**

Telephone :0471-2721278

NCC Directorate (K&L)
State Wing
Thiruvananthapuram-

No.507/P2-Pub/2020/NCC

24 Feb 2020

All NCC Group Headquarters and Units

**AWARD OF GRACE MARKS TO THE NCC CADETS INTHE SSLC/THSLC EXAMINATION FOR THE YEAR 2019-2020**

1. As per the direction of the Director of Public Instruction, Thiruvananthapuram Circular No.Y1/4213/2020/DGE dated 17.02.220 (available in NCC website) the list of eligible NCC Cadet's details for Grace marks must be forwarded **online from Institution to the website of Pareekshabhavan.** The SSLC/THSLC grace marks application should be signed by the ANO and Principal of the Institution and **two copies** of application should be forwarded to the concerned NCC Unit. The Commanding Officer must check the application and all connected documents and put the **tick mark** in the **computer printed form** received from Institution and forward it to the **concerned** Deputy Director of Education before **12.03.2020.**

2. The application and the connecting documents of SSLC/THSLC grace marks must be checked thoroughly by the training clerk, JS and the Commanding Officer before forwarding it to the Deputy Director of Education. The Group commander should ensure that the eligible applications are forwarded from the institution to Deputy Director of Education through concerned Units. If any anomalies exist in awarding of grace marks, Units shall forward such cases to NCC Directorate through Group HQs for further action.

3. The completion report be submitted by all Units and Group Headquarters 15 Mar 2020.

Sd/xxx
(SL Joshi )
Brigadier
Offg Addl.Director General NCC

Internal

| | | | |
|---|---|---|---|
| (i) | Trg Branch | - | for info |
| (ii) | IT Cell | - | for publicity in website |

**Approved for Issue**

Ajit CK
PEN 384876
Senior Superintendent
NCC Directorate (K & L)
Thiruvananthapuram-10

നം.വൈ.1/4213/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 17.02.2020.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- 2020 - മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സർക്കാർ ഉത്തരവ് (കൈ) നമ്പർ : 145/1999/പൊ.വി.വ.തീയതി. 28.06.1999.
2. സർക്കാർ ഉത്തരവ് (സാധാ)നമ്പർ : 2146/2008/പൊ.വി.വ.തീയതി. 09.05.2008.
3. സർക്കാർ ഉത്തരവ് (കൈ) നമ്പർ : 216/2009/പൊ.വി.വ.തീയതി. 06.01.2008
4. സർക്കാർ ഉത്തരവ് (സാധാ)നമ്പർ : 4594/2014/പൊ.വി.വ.തീയതി. 28.10.2014.
5. സർക്കാർ ഉത്തരവ് (സാധാ)നമ്പർ : 313/2015/പൊ.വി.വ.തീയതി. 20.01.2015
6. സർക്കാർ ഉത്തരവ് (സാധാ)നമ്പർ : 129/2017/പൊ.വി.വ.തീയതി. 20.10.2017
7. സർക്കാർ ഉത്തരവ് (സാധാ)നമ്പർ : 144/2018/പൊ.വി.വ.തീയതി. 06.10.2018
8. സർക്കാർ.ഉത്തരവ്(കൈ)നമ്പർ 209/2019/പൊ.വി.വ തീയതി 05.12.2019

********

2020-ലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയയ്ക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുൻവർഷം അനുവദിച്ച വിഭാഗങ്ങളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെയാണ് ഈ വർഷവും അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത്.

എസ്.എസ്.എൽ,സി. ക്ക് ഗ്രേസ്മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്കൂളുകളിൽനിന്നും പരീക്ഷാഭവൻ വെബ്സൈറ്റിലൂടെ ഓൺലൈനായി അപ്‌ലോഡ് ചെയ്ത് പ്രിന്റൗട്ട് എടുത്ത് വേണം നൽകേണ്ടത്.

1. സംസ്ഥാന സ്കൂൾ കലോത്സവം, അറബിക്, സംസ്കൃതോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, ശാസ്ത്രമേള, ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, പ്രവൃത്തി പരിചയ മേള, ഐ.ടി. മേള, ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ), സതേൺ ഇന്ത്യ സയൻസ് ഫെയർ, രാഷ്ട്രപതി സ്കൗട്ട്സ് & ഗൈഡ്, രാജ്യപുരസ്കാർ, എൻ.സി.സി, ജൂനിയർ റെഡ്ക്രോസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് എന്നിവയിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്കിനർഹതയുള്ള വിദ്യാർത്ഥികളുടെ

വിവരങ്ങൾ ഓൺലൈനിൽ രേഖപ്പെടുത്തി കിട്ടുന്ന ലിസ്റ്റ് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) ബന്ധപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്ററുടെ മേലൊപ്പോടുകൂടി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ഓൺലൈനിൽ നടത്തുന്ന രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ പ്രധാനാദ്ധ്യാപകൻ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകുവാൻ പാടുള്ളൂ.

2. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ആദ്യത്തെ 3 ഗ്രേഡ് (എ, ബി, സി) കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ എസ്.എസ്.എൽ. സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. എസ്.എസ്.എൽ.സി. പരീക്ഷയിൽ എഴുത്തു പരീക്ഷയുടെ സ്കോർ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. വ്യത്യസ്ത ഇനങ്ങളിൽ ഗ്രേസ് മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനർഹതയുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് റവന്യൂ ജില്ലയിലെ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തുകയും നടപടി ഉത്തരവും, ലിസ്റ്റും ഒരുമിച്ച് തിരുവനന്തപുരത്ത് പരീക്ഷ സെക്രട്ടറിയ്ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്.

3. 8-ാം ക്ലാസ്സിലോ 9-ാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലേ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ മേളയിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യൂ ജില്ലാതല മത്സരത്തിൽ അതേ ഇനത്തിൽ 'എ' ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

4. കലോത്സവം, ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.റ്റി. മത്സരങ്ങൾക്കും, സംസ്ഥാനതല ശാസ്ത്ര സെമിനാർ, ശാസ്ത്ര സി.വി.രാമൻ ഉപന്യാസ മത്സരം ശാസ്ത്ര ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട്, ഗണിത ശാസ്ത്ര ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ, സാമൂഹ്യശാസ്ത്ര പത്ര വായനാ മത്സരം, സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷ, മാത്സ് ടാലന്റ് സെർച്ച് പരീക്ഷ, സയൻസ് ടാലന്റ് സെർച്ച് പരീക്ഷ ഭാസ്കരാചാര്യ സെമിനാർ, സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് എന്നീ മത്സരയിനങ്ങൾ താഴെ സൂചിപ്പിക്കുന്ന രീതിയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

എ ഗ്രേഡ് - 30 മാർക്ക്.

ബി ഗ്രേഡ് - 24 മാർക്ക്.

സി ഗ്രേഡ് - 18 മാർക്ക്

ജൂനിയർ റെഡ്ക്രോസ് - 10 മാർക്ക്

രാജ്യപുരസ്കാർ - എസ്.എസ്.എൽ.സി. എഴുത്തുപരീക്ഷയുടെ 5% (25 മാർക്ക്)

രാഷ്ട്രപതി സ്ക്കൗട്ട് ആന്റ് ഗൈഡ് - എസ്.എസ്. എൽ.സി. എഴുത്തുപരീക്ഷയുടെ 10% (49 മാർക്ക്)

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്റ്റ് - എസ്.എസ്.എൽ.സി. എഴുത്തുപരീക്ഷയുടെ 5% (25 മാർക്ക്)

എൻ.സി.സി. - എസ്.എസ്. എൽ.സി. എഴുത്തുപരീക്ഷയുടെ 5%(25 മാർക്ക്) 10% (49 മാർക്ക്)

ദേശീയ ബാലശാസ്ത്ര കോൺഗ്രസ് - 15% (74 മാർക്ക്)

ജവഹർലാൽ നെഹ്റു നാഷ്ണൽ
എക്സിബിഷൻ
(നാഷണൽ സയൻസ് ഫെയർ) - 15% (74 മാർക്ക്)

**സതേൺ ഇന്ത്യ സയൻസ് ഫെയറിന്റെ 1, 2, 3 സ്ഥാനക്കാർക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.**

ഒന്നാം സ്ഥാനം - എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 15% (74 മാർക്ക്)

രണ്ടാം സ്ഥാനം - എസ്.എസ്. എൽ.സി. എഴുത്തു പരീക്ഷയുടെ 13% (64 മാർക്ക്)

മൂന്നാം സ്ഥാനം - എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയുടെ 11% (54 മാർക്ക്)

5. കലോത്സവം, സർഗ്ഗോത്സവം (പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന), ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ, ഐ.റ്റി. മേള രാഷ്ട്രപതി സ്ക്കൗട്ട്സ് ആന്റ് ഗൈഡ്സ്, രാജ്യപുരസ്കാർ, എൻ.സി.സി. ജൂനിയർ റെഡ്ക്രോസ്സ് ദേശീയ/ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനർഹതയുള്ള പ്രോപ്പോസലുകൾ ഒരുമിച്ച് സമർപ്പിക്കാതെ പ്രത്യേകം പ്രത്യേകമായി തന്നെ സമർപ്പിക്കേണ്ടതാണ്.

6. സർഗ്ഗോത്സവത്തിലെ സീനിയർ വിഭാഗം (8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സു വരെ) മത്സര വിജയികൾക്കു മാത്രമേ ഗ്രേസ് മാർക്കിനർഹതയുണ്ടായിരിക്കുകയുള്ളൂ. സർഗ്ഗോത്സവത്തിൽ 'എ' 'ബി' ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. എ ഗ്രേഡിന് 12 മാർക്കും ബി ഗ്രേഡിന് 10 മാർക്കും എസ്.എസ്.എൽ. സി യിൽ ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

7. 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ രാജ്യ പുരസ്കാർ, രാഷ്ട്രപതി സ്ക്കൗട്ട്സ് ആന്റ് ഗൈഡ്

സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൗ പ്രസ്ഥാനത്തിൽ സജീവമായിരുന്നുവെന്നുള്ള ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തി ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. എൻ.സി.സി. യിൽ അംഗങ്ങളായി 75 ശതമാനവും അതിനുമുകളിലും ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് 5% (25 മാർക്ക്) ഗ്രേസ് മാർക്കിന് അർഹതയുണ്ട്. എൻ.സി.സി.യിൽ ചുവടെ സൂചിപ്പിക്കുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് 10% (49 മാർക്ക്) ഗ്രേസ് മാർക്കായി ലഭിക്കുവാൻ അർഹതയുണ്ട്.

(എ). എ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കണം.

(ബി) കോർപ്പറലൊ അതിന് മുകളിലോ ഉള്ള റാങ്ക് ലഭിച്ചിരിക്കണം.

(സി). സംസ്ഥാനത്തെ പ്രതിനിധികരിച്ച് ബി.എൽ.സി/വി.എസ്.സി/ എൻ.എസ്.സി/ഐ.ഡി.സി/ ആർ.ഡി.സി-ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം അല്ലെങ്കിൽ സൈനിക് ക്യാമ്പ്, റോക്ക് ക്ലയിംബിംഗ് ട്രെയിനിംഗ് ക്യാമ്പ്, നാഷ്ണൽ ഇന്റഗ്രേഷൻ ക്യാമ്പ്, അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ്, ആൾ ഇന്ത്യാ ട്രെക്ക്/ ട്രെക്കിങ് എക്സ്പെഡീഷൻ ഇവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം. എൻ.സി.സി.യുടെ ഗ്രേസ് മാർക്ക് അനുവദിച്ചുനൽകുന്നത് വിദ്യാഭ്യാസ ഉപഡയറക്ടറായതിനാൽ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സ്കൂളുകളിൽ ഓൺലൈൻ രേഖപ്പെടുത്തലുകൾ നടത്തി ലഭിക്കുന്ന പ്രിന്റൗട്ടിൽ ഹെഡ്മാസ്റ്ററും, എ.എൻ.ഒ.യും (അസോസിയേറ്റ് എൻ.സി.സി. ഓഫീസർ) കൈഒപ്പ് ചാർത്തി ബന്ധപ്പെട്ട സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തി 3 സെറ്റ് അപേക്ഷകൾ തയ്യാറാക്കേണ്ടതാണ്. ഒരു സെറ്റ് സ്കൂളിൽ സൂക്ഷിക്കേണ്ടതും 2 സെറ്റ് ബന്ധപ്പെട്ട എൻ.സി.സി. കമാൻഡിംഗ് ഓഫീസർക്ക് (എൻ.സി.സി ബറ്റാലിയൻ ഓഫീസ്) നൽകേണ്ടതുമാണ്. എൻ. സി.സി. കമാൻഡിംഗ് ഓഫീസർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തി കൈഒപ്പ് ചാർത്തി ഒരു സെറ്റ് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും ഒരു സെറ്റ് എൻ.സി.സി. ബറ്റാലിയൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

എൻ.സി.സി കമാൻഡിംഗ് ഓഫീസർ ഇത്തരത്തിൽ ശുപാർശ ചെയ്ത് നൽകുന്ന അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടർ ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

(9) ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സി ക്ക് 10 മാർക്ക് ബോണസ് മാർക്കായി അനുവദിക്കുന്നതാണ്.

(എ). സ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസസ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം.

(ബി) 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡു വരെ ജെ.ആർ.സി പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75% ഹാജരോടു കൂടി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി യുടെ കോഴ്സ് സർട്ടിഫിക്കറ്റ് (സി) നേടുകയും ചെയ്തിരിക്കണം.

(സി) ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കി റെഡ്ക്രോസ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നിശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും സംരക്ഷണവും, ട്രാഫിക് അടയാളങ്ങളും നിയമങ്ങളും, എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

(ഡി) ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ്/സെമിനാർ ഇവയിൽ എതെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

(10) ദേശീയ/സംസ്ഥാന ബാല ശാസ്ത്ര കോൺഗ്രസ്സിന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റൗട്ടിനോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം സ്കൂൾ ഹെഡ്മാസ്റ്ററുടെ ശുപാർശയോടു കൂടി ചുവടെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. <u>സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി, കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്ര ഭവൻ, പട്ടം പി.ഒ, തിരുവനന്തപുരം-695004.</u> ശാസ്ത്ര ഭവനിൽ നിന്നും ശുപാർശ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ. 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുത്ത് ലഭിക്കുന്ന ഗ്രേഡുകൾക്ക് മാത്രമേ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ് വിഭാഗത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുക്കുന്ന മാഹിയിലെയും ലക്ഷദ്വീപിലെയും എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും (15%) 74 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. ഇതിനായി മാഹിയിലെയും, ലക്ഷദ്വീപിലെയും ഗ്രേസ് മാർക്കിനുള്ള പ്രഥമാധ്യാപകന്റെ അപേക്ഷകൾ (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) അതാത് വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടു കൂടി ഖണ്ഡിക 10 നിർദ്ദേശിച്ചിട്ടുള്ള അഡ്രസ്സിൽ ശാസ്ത്രഭവനിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. ശാസ്ത്രഭവനിൽ നിന്നും സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി നൽകു

ശുപാർശയിന്മേൽ മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പരീക്ഷാ സെക്രട്ടറിക്ക് നൽകുകയുള്ളൂ.

(11) സതേൺ ഇന്ത്യ സയൻസ് ഫെയറിന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റൗട്ടിനോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം സ്കൂൾ ഹെഡ്മാസ്റ്ററുടെ ശുപാർശയോടു കൂടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്. വിലാസം ചുവടെ ചേർക്കുന്നു. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം

(12) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിൽ (എസ്.പി.സി) അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പരാമർശം 6-പ്രകാരം എസ്.എസ്.എൽ.സി യ്ക്ക് 5% (25 മാർക്ക്) ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. 75% ഉം അതിനു മുകളിലും ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ്മാർക്കിന് അർഹതയുള്ളൂ. എസ്.പി.സി ഗ്രേസ്മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂളുകളിൽ ഓൺലൈനായി അപ്‌ലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കേണ്ടതാണ്. പ്രിന്റൗട്ട് പ്രധാനാധ്യാപകൻ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തി ഒപ്പിടേണ്ടതും, പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ (സി.ഐ. ഓഫ് പോലീസ്), ഡിസ്ട്രിക്ട് നോഡൽ ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. പ്രസ്തുത പ്രിന്റൗട്ട് ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

(13) സ്കൂളുകളിൽ 20.02.2020 മുതൽ ഗ്രേസ് മാർക്കിനുള്ള ഓൺലൈൻ എൻട്രി നടത്തി പ്രിന്റൗട്ട് എടുക്കാവുന്നതും 12.03.2020 മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി പ്രിന്റൗട്ട് എടുക്കാവുന്നതുമാണ്. ഒരേ ക്ലാസിൽ ഒരേ പേരുള്ള രണ്ട് വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ഗ്രേസ് മാർക്ക് എൻട്രി നടത്തുമ്പോൾ രജിസ്റ്റർ നമ്പർ പരിശോധിച്ച് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തന്നെയാണ് മാർക്ക് എൻട്രി നടത്തിയിരിക്കുന്നതെന്ന് പ്രധാനാധ്യാപകൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതെയിരിക്കാൻ പ്രധാനാധ്യാപകൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

(14) ഇപ്രകാരം ഖണ്ഡിക 2 മുതൽ പ്രതിപാദിച്ചിട്ടുള്ള അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് ഓൺലൈനിൽ വെരിഫിക്കേഷൻ നടത്തി ലഭിക്കുന്ന പ്രിന്റൗട്ട് നടപടി ഉത്തരവ് സഹിതം പരീക്ഷാ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

(15) ലിസ്റ്റ് പൂർണ്ണവും കുറ്റവിമുക്തവുമായിരിക്കുവാൻ എല്ലാ പ്രധമാധ്യാപകരും, വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(16) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഗ്രേസ്മാർക്ക് അനുവദിച്ചുകൊണ്ടുളള നടപടി ഉത്തരവും അതോടൊപ്പമുളള ലിസ്റ്റും സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം - 695012 എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

(17) ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുളള നടപടി ഉത്തരവും, ലിസ്റ്റും പരീക്ഷാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും.

ജീവൻബാബു കെ, ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് : 1) സ്റ്റേറ്റ് നോഡൽ ഓഫീസർ, എസ്.പി.സി പ്രോജക്ട്
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
2) ഡെപ്യൂട്ടി ജനറൽ (എൻ.സി.സി), എൻ.സി.സി.ഡയറക്ടറേറ്റ്, (കെ&എൽ) സ്റ്റേറ്റ് വിംഗ്, വഴുതക്കാട്, തിരുവനന്തപുരം-695010
3) സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി, കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്രഭവൻ, പട്ടം പി.ഒ, തിരുവനന്തപുരം-695004
4) ഡയറക്ടർ, പട്ടികവർഗ്ഗ വികസനവകുപ്പ്, നാലാംനില, വികാസ്ഭവൻ, തിരുവനന്തപുരം-695033
5) സെക്രട്ടറി, ജൂനിയർ റെഡ്ക്രോസ്, ജൂനിയർ റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം
6) സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012
7) എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രസ്തുത സർക്കുലറിന്റെ ഒരു പകർപ്പ് അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേയ്ക്കായി അയച്ചുകൊടുക്കേണ്ടതാണ്).
8) ആഫീസ് കോപ്പി & കരുതൽ ഫയൽ